നം.4364/ഇ2/2013/കെഎസ്എച്ച്ഒ തീയതി :10/02/2020

## സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ (കുടുംബശ്രീ)

### (വിജ്ഞാപനം - വനിതകൾക്കു മാത്രം)

ബിൽ ആന്റ് മിലിന്ദ ഗേറ്റ് ഫൗണ്ടേഷന്റെ സാമ്പത്തിക സഹായത്തോടു കൂടി പ്രോജക്ട് കൺസേൺ ഇന്റർനാഷണലിന്റെ(പി.സി.ഐ) സഹകരണത്തോടെ കുടുംബശ്രീ ജെൻഡർ മാതൃക ഒറീസ്സയിലെ സ്റ്റേറ്റ് റൂറൽ ലൈവ്‌ലിഹുഡ് മിഷൻ വഴി നടപ്പിലാക്കുന്നതിന് കുടുംബശ്രീ ധാരണാപത്രത്തിൽ ഏർപ്പെട്ടിട്ടുണ്ട്. ഇതിന്റെ ഏകീകരണ പ്രവർത്തനങ്ങൾക്കായി ഒരു പ്രോജക്ട് കോ-ഓർഡിനേറ്ററുടെ ഒഴിവുണ്ട്. കരാർ അടിസ്ഥാനത്തിലാണ് നിയമനം നടത്തുന്നത്. ആയതിലേയ്ക്ക് യോഗ്യരായ **വനിതാ ഉദ്യോഗാർത്ഥികളി**ൽ നിന്നും അപേക്ഷകൾ ക്ഷണിക്കുന്നു.

| | | | |
|---|---|---|---|
| 1. | **തസ്തിക** | : | പ്രോജക്ട് കോ-ഓർഡിനേറ്റർ |
| 2. | **ഒഴിവ്** | : | 1 (കുടുംബശ്രീ സംസ്ഥാന മിഷനിലും - ഒറീസ്സയിലുമായി) |
| 3. | **നിയമന രീതി** | : | കരാർ നിയമനം<br>(01/4/2020 മുതലോ കരാറിൽ ഏർപ്പെടുന്ന ദിവസം മുതൽ 31/03/2021 വരെയോ ആയിരിക്കും കരാർ കാലാവധി) |
| 4. | **വിദ്യാഭ്യാസ യോഗ്യത** | : | 1. എം.എസ്.ഡബ്ല്യൂ അല്ലെങ്കിൽ റൂറൽ ഡെവലപ്പ്മെന്റിൽ ബിരുദാനന്തര ബിരുദം അല്ലെങ്കിൽ ആന്ത്രപ്പോളജി/ വിമൻസ്റ്റഡീസ്/ സോഷ്യോളജി / പൊളിറ്റിക്കൽ സയൻസ് / ഗാന്ധിയൻ സ്റ്റഡീസ്/ഡെവലപ്പ്മെന്റ് സ്റ്റഡീസ് എന്നിവയിൽ ഏതിലെങ്കിലും ബിരുദാനന്തര ബിരുദം<br>2. കംപ്യൂട്ടർ ബെയ്സ്ഡ് ഡേറ്റാ മാനേജ്മെന്റിൽ അറിവുണ്ടായിരിക്കണം.<br>3. ഇംഗ്ലീഷ്, ഹിന്ദി ഭാഷകൾ ഒഴുക്കോടെ സംസാരിക്കാനും എഴുതുവാനും അറിയണം. |
| 5. | **പ്രായപരിധി** | : | 31/01/2020 ന് 40 വയസ്സിൽ കൂടാൻ പാടില്ല |
| 6. | **പ്രവൃത്തിപരിചയം** | : | 1. സർക്കാർ/അർദ്ധസർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങൾ / ദേശീയ അന്തർദേശീയ നിലവാരത്തിലുള്ള സ്ഥാപനങ്ങൾ/ മികച്ച സ്ഥാപനങ്ങൾ എന്നിവയിൽ സ്ത്രീ ശാക്തീകരണ മേഖലയിലെ |

പ്രവർത്തനങ്ങളിൽ പ്രവൃത്തി പരിചയം അഭികാമ്യം

2. കുടുംബശ്രീയിൽ സ്ത്രീശാക്തീകരണ മേഖലയിൽ പ്രവൃത്തിപരിചയമുള്ളവർക്ക് മുൻഗണന
3. സ്ത്രീ ശാക്തീകരണം, ജെൻഡർ അവബോധവും വിലയിരുത്തലും എന്നിവയിൽ ഹ്രസ്വകാല കോഴ്സുകൾ ചെയ്തിട്ടുള്ളവർക്കും പ്രോജക്ട് തയ്യാറാക്കിയിട്ടുള്ളവർക്കും മുൻഗണന.

4. **വേതനം** : 30,000 രൂപ പ്രതിമാസം.

5. **ജോലിയുടെ സ്വഭാവം**

1. കുടുംബശ്രീയും പ്രോജക്ട് കൺസേൺ ഇന്റർനാഷണലും (പി.സി.ഐ) യും തമ്മിൽ ബന്ധിപ്പിക്കുന്ന കണ്ണിയായി പ്രവർത്തിക്കുക.
2. പദ്ധതി പ്രവർത്തനങ്ങളുടെ പ്ലാനിംഗ്, ഏകോപനം തുടങ്ങിയവ പ്രോജക്ട് കോ-ഓർഡിനേറ്ററുടെ ഉത്തരവാദിത്വമാണ്.
3. പദ്ധതി നടപ്പാക്കുന്ന സംസ്ഥാനത്തിലും പ്രവർത്തനങ്ങൾ ഏകോപിപ്പി ക്കുക. ഇതിനായി നിരന്തരം യാത്രകൾ നടത്തേണ്ടതായും വരും.
4. കരാർ കാലയളവിനുള്ളിൽ 60 ശതമാനത്തിനു മുകളിൽ സമയവും ഒറീസ്സ യിൽ പദ്ധതി പ്രവർത്തനങ്ങൾക്കായി തെരഞ്ഞെടുത്ത ബ്ലോക്കുകളിൽ ക്യാമ്പ് ചെയ്ത് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കേണ്ടതായി വരും.

6. **അപേക്ഷ സമർപ്പിക്കേണ്ട രീതി**

1. അപേക്ഷ നിശ്ചിത ഫോർമാറ്റിൽ സമർപ്പിക്കേണ്ടതാണ്.
2. നിയമനം സംബന്ധിച്ച നടപടികൾ സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്പ്മെന്റ് (സി.എം.ഡി) മുഖാന്തിരമാണ് നടപ്പിലാക്കുന്നത്.
3. അപേക്ഷാർത്ഥികൾ 500 രൂപ പരീക്ഷാഫീസായി അടയ്ക്കേണ്ടതാണ്.

7. **നിയമനപ്രക്രിയ**

1. സമർപ്പിക്കപ്പെട്ട ബയോഡേറ്റകളും, പ്രവൃത്തിപരിചയവും വിശദമായി പരിശോ ധിച്ച്, സ്ക്രീനിംഗ് നടത്തി യോഗ്യമായ അപേക്ഷകൾ മാത്രം തെരഞ്ഞെടുക്കു ന്നതിനുള്ള പൂർണ്ണ അധികാരം സി.എം.ഡി.ക്കുണ്ടായിരിക്കും.
2. ഉദ്യോഗാർത്ഥികളുടെ ബയോഡാറ്റ സ്ക്രീനിംഗ് നടത്തി യോഗ്യതയും, പ്രവൃ ത്തിപരിചയവും പരിഗണിച്ച് യോഗ്യരായവർക്ക് എഴുത്തുപരീക്ഷ, ഇന്ററർവ്യൂ എന്നിവ നടത്തി റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതിനുള്ള പൂർണ്ണചുമതല സി.എം.ഡി. ക്കാണ്.

3. അപേക്ഷക പ്രവൃത്തിപരിചയ സർട്ടിഫിക്കറ്റ് അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്.

8. **അപേക്ഷ സമർപ്പിക്കേണ്ട വിലാസം**

**www.cmdkerala.net** **എന്ന വെബ്സൈറ്റിൽ ഓൺലൈനായി അപേക്ഷകൾ സമർപ്പിക്കേണ്ടതാണ്.**

9. **അപേക്ഷ ലഭിക്കേണ്ട അവസാന തീയതി : 29**/02/2020, വൈകുന്നേരം 5 മണി

10. **മറ്റു നിബന്ധനകൾ**

1. അപേക്ഷകൾ കുടുംബശ്രീ ജില്ലാ മിഷനുകളിലോ, സംസ്ഥാന മിഷനിലോ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല. കൂടാതെ, Online- അല്ലാതെ ലഭിക്കുന്ന അപേക്ഷകളും, യഥാസമയം ലഭിക്കാത്ത അപേക്ഷകളും, അംഗീകരിച്ച യോഗ്യതകൾ ഇല്ലാത്തതതുമായ അപേക്ഷകളും പരിഗണിക്കുന്നതല്ല.
2. പരീക്ഷാ ഫീസും, സർട്ടിഫിക്കറ്റുകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകളും, പ്രവൃത്തിപരിചയ സർട്ടിഫിക്കറ്റും അപേക്ഷയോടൊപ്പം Online- ആയി സമർപ്പിക്കാവുന്നതാണ്.
3. റാങ്ക് ലിസ്റ്റിൽ നിന്നും നിയമന ശുപാർശ ലഭിക്കുന്ന ഉദ്യോഗാർഥി യഥാസമയം ജോലിയിൽ പ്രവേശിക്കാത്ത പക്ഷം, ടി നിയമനം റദ്ദാകുന്നതും, ലിസ്റ്റിൽ നിന്നും ഒഴിവാക്കപ്പെടുന്നതുമാണ്.
4. റാങ്ക് ലിസ്റ്റിന്റെ കാലാവധി പ്രസിദ്ധീകരിച്ച തീയതി മുതൽ 1 വർഷമായിരിക്കും.
5. ടി തസ്തികയിലേയ്ക്ക് ആവശ്യപ്പെട്ടിരിക്കുന്ന പ്രവൃത്തിപരിചയം അപേക്ഷ സമർപ്പിക്കുന്നതിനുള്ള നിബന്ധന മാത്രമാണ്. തസ്തികയിൽ നിയമനം ലഭിച്ചാൽ പ്രസ്തുത പ്രവൃത്തിപരിചയം ടി തസ്തികയുടെ വേതന വർദ്ധനവിനോ മറ്റ് ആനുകൂല്യങ്ങൾക്കോ പരിഗണിക്കുന്നതല്ല.

എക്സിക്യൂട്ടീവ് ഡയറക്ടർ
സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ
(കുടുംബശ്രീ)